"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി ഗായത്രി.എം.എൽ, അപ്പാർട്ട്മെന്റ് നം.12 ജി, സ്കൈലൈൻ, മെൽറോസ്, സിവിൽ ലൈൻ റോഡ്, പാടിവട്ടം പി.ഒ, എറണാകുളം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.481/2026/ID തീയതി,തിരുവനന്തപുരം, 24-04-2026

---

പരാമർശം:-

1. തിരുവനന്തപുരം ജിയോളജിസ്റ്റിന്റെ 28.01.2026 തീയതിയിലെ DOTHI/DMG/3382/2022-M നമ്പർ നടപടിക്രമം
2. ശ്രീമതി ഗായത്രി.എം.എൽ, അപ്പാർട്ട്മെന്റ് നം.12 ജി, സ്കൈലൈൻ, മെൽറോസ്, സിവിൽ ലൈൻ റോഡ്, പാടിവട്ടം പി.ഒ, എറണാകുളം 16/02/2026 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി
3. തിരുവനന്തപുരം നഗരസഭ അസിസ്റ്റന്റ് എഞ്ചിനിയറുടെ 13/02/2026 തീയതിയിലെ UE2/1125476/28 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം താലൂക്കിൽ ഉള്ളൂർ വില്ലേജിൽ റീസർവ്വേ നം. 159/16-2 ൽ പെട്ട വസ്തുവിൽ നിന്നും തിരുവനന്തപുരം നഗരസഭ സെക്രട്ടറി അനുവദിച്ച ബിൽഡിംഗ് പെർമിറ്റ്/പ്ലാൻ പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഭൂമി നിരപ്പാക്കുന്നതിന് 270 മെട്രിക് ടൺ മണ്ണ് നീക്കം ചെയ്യുന്നതിന് ഹർജിക്കാരന് അനുമതി നൽകിയിരുന്നുവെന്നും, എന്നാൽ പെർമിറ്റ് അനുവദിച്ച് ഒരു വർഷം പൂർത്തിയായിട്ടും ചട്ടങ്ങളിൽ അനുശാസിക്കുന്ന വിധം കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ 31/12/2025 തീയതിയിൽ അഡ്ജ്യൂഡിക്കേഷൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ചട്ടം 14(5) പ്രകാരം നീക്കം ചെയ്ത മണ്ണിൻ്റെ അളവായ **270 മെട്രിക് ടണ്ണിന്റെ റോയൽറ്റിയുടെ അഞ്ചിരട്ടി (270x20x5) തുകയായ 27,000/- രൂപ ഒടുക്കുവരുത്തേണ്ടതാണെന്ന്** അറിയിച്ചുകൊണ്ട് തിരുവനന്തപുരം ജില്ല ജിയോളജിസ്റ്റ് 28/01/2026 തീയതിയിൽ പരാമർശം (1) പ്രകാരം നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ ശ്രീമതി ഗായത്രി.എം.എൽ, അപ്പാർട്ട്മെന്റ് നം.12 ജി, സ്കൈലൈൻ, മെൽറോസ്, സിവിൽ ലൈൻ റോഡ്, പാടിവട്ടം പി.ഒ, എറണാകുളം പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് 07/04/2026 ന് നടന്ന ഹിയറിംഗിൽ അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി വാദം കേട്ടു. അപ്പീൽ കക്ഷിയുടെ അഭിഭാഷകനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഹിയറിംഗിൽ പങ്കെടുത്തു. അപ്പീൽ കക്ഷി ഒരു വർഷത്തിനുള്ളിൽ തന്നെ ബേസ്മെന്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് തിരുവനന്തപുരം

കോർപ്പറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ (AE), ജില്ലാ ജിയോളജിസ്റ്റിനെ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ , **28/01/26-ന് ജിയോളജിസ്റ്റ് പരാമർശം (1) പ്രകാരം നൽകിയ ഡിമാൻഡ് നോട്ടീസ് റദ്ദാക്കിക്കൊണ്ട് ശ്രീമതി ഗായത്രി.എം.എൽ, അപ്പാർട്ട്മെന്റ് നം.12 ജി, സ്കൈലൈൻ, മെൽറോസ്, സിവിൽ ലൈൻ റോഡ്, പാടിവട്ടം പി.ഒ, എറണാകുളം പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീമതി ഗായത്രി.എം.എൽ, അപ്പാർട്ട്മെന്റ് നം.12 ജി, സ്കൈലൈൻ, മെൽറോസ്, സിവിൽ ലൈൻ റോഡ്, പാടിവട്ടം പി.ഒ, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 24-04-2026 17:49:19
സെക്ഷൻ ഓഫീസർ